LIBRARY ARCHIVES Kerala Legislative Assembly

പുത്തൂർ പഞ്ചായത്തിന്റെ ആസ്ഥാനം

254 (1626) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊല്ലം ജില്ലയിൽ പുതുതായി രൂപീകരിച്ച പുത്തൂർ പഞ്ചായത്തിന്റെ ആസ്ഥാനം പുത്തൂർ ആയി തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇങ്ങനെ ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനം പാങ്ങോട് ആയി നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കൂട്ടനാട് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

255 (1627) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് വഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് കൂട്ടനാട് നിയോജക മണ്ഡലത്തിൽ നടത്തിയത് എന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പു വഴി കൂട്ടനാട് നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പഞ്ചായത്ത് രൂപീകരണം

256 (1628) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുതുതായി എത്ര പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2015 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം 69 ഗ്രാമപഞ്ചായത്തുകൾ പുതുതായി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചത്.

പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തിക

257 (1629) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തികയിലെ ഒഴിവ് എന്നു മുതലാണുണ്ടായതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവില്ല.

(ബി) ബാധകമല്ല.

ഉൽപ്പാദനമേഖലയിൽ ചെലവഴിച്ച തുക

258 (1630) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇത് ആകെ ചെലവഴിച്ച തുകയുടെ എത്ര ശതമാനമാണ് ?

LIBRARY ARCHIVES Kerala Legislative Assembly